ഇന്നത്തെ മന്ത്രിസഭാംഗങ്ങളിൽ ഓരോരുത്തർക്കും 1969 നവംബർ 1 മുതൽ 1970 ജനുവരി 1 വരെ രണ്ടുമാസത്തേക്ക് എന്തു തുക ഡി. എ., ടി. എ. യാത്രപ്പടിയായി കൊടുത്തിട്ടുണ്ട്; അല്ലെങ്കിൽ കൊടുക്കേണ്ടതായുണ്ട്.

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

| | | കൊടുത്തത് ആകെ | ററി. എ., ഡി. എ. |
|---|---|---|---|
| മുഖ്യമന്ത്രി | Rs. | 829.65 | (577.15+252.50) |
| ധനകാര്യമന്ത്രി | ,, | 1071.00 | (856+215) |
| വ്യവസായമന്ത്രി | ,, | 1276.20 | (1036.20+240) |
| ജലസേചനമന്ത്രി | ,, | 942.20 | (762.20+180) |
| വിദ്യാഭ്യാസമന്ത്രി | ,, | 1876.35 | (1651.35+225) |
| തദ്ദേശസ്വയംഭരണമന്ത്രി | ,, | 1528.60 | (1258.60+270) |
| വനംവ്യവസായമന്ത്രി | ,, | 3040.89 | (2555.39+485) |
| ട്രാൻസ്പോർട്ട് മന്ത്രി | ,, | 1152.95 | (957.95+195) |
| | | കൊടുക്കേണ്ടത് | |
| ധനകാര്യമന്ത്രി | | 1570.25 | (1360.25+210) |
| ജലസേചനമന്ത്രി | ,, | 1598.76 | (1373.76+225) |
| ട്രാൻസ്പോർട്ട്മന്ത്രി | ,, | 1304.20 | (1079.20+225) |

## UNSTARRED QUESTIONS AND ANSWERS

### സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ അംഗങ്ങൾ

1 [1] ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ അംഗങ്ങളുടെ കാലാവധി കഴിയുന്നതിനു മുൻപായിത്തന്നെ അവരെ പിരിച്ചുവിടുന്നതിന് ഗവൺമെൻറിനെ പ്രേരിപ്പിച്ച കാരണം എന്താണ്?

ഉത്തരം.

സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് അതേ രൂപത്തിൽ തുടരേണ്ടതിനെപ്പറ്റിയും ഇനിമേൽ ബോർഡ് ചെയ്തുതീർക്കേണ്ട ജോലികളുടെ സ്വഭാവത്തെയും വ്യാപ്തിയെയുംപറ്റിയും പരിഗണിച്ചതിൽ ബോർഡ് പുനഃസംഘടിപ്പിക്കേണ്ടതാണെന്ന തീരുമാനത്തിൽ ഗവൺമെൻറ് എത്തിച്ചേർന്നു. അതുകൊണ്ട് കോൺട്രാക്ട് അടിസ്ഥാനത്തിൽ ബോർഡിൽ നിയമിച്ചിരുന്ന അംഗങ്ങളെ പിരിച്ചുവിടുകയുണ്ടായി.

### ഡിസ്ട്രിക്റ്റ് ഡെവലപ്പ്മെൻറ് കമ്മിറ്റി

2 [2] ശ്രീ. ജോസഫ് ചാഴിക്കാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969 ജനുവരി മുതൽ 1970 ജനുവരി വരെ തിരുവനന്തപുരം ഡിസ്ട്രിക്ട് ഡെവലപ്പ്മെൻറ് കമ്മിറ്റിയുടെ എത്രയോഗങ്ങൾ നടത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ യോഗങ്ങൾക്ക് മെംബർമാരുടെ ഡി. എ., ടി. എ. എന്നിവയുൾപ്പെടെ എന്തു തുക ആകെ ചെലവായിട്ടുണ്ട്?

ഉത്തരം.

(എ) 13 (പതിമൂന്ന്) യോഗങ്ങൾ നടന്നിട്ടുണ്ട്.

(ബി) 1969 ജനുവരി മുതൽ 1970 ജനുവരിവരെ അനുദ്യോഗസ്ഥാംഗങ്ങളുടെ ഡി. എ., റി. എ ഇനത്തിൽ 9021 രൂപാ 90 പൈസ ചെലവായിട്ടുണ്ട്.

കോട്ടയം ഡിസ്ട്രിക്ട് ഡെവലപ്പ്മെൻറ് കമ്മിറ്റി

* 3 (3) ശ്രീ. ജോസഫ് ചാഴിക്കാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969 ജനുവരി ഒന്നു മുതൽ 1970 ജനുവരി ഒന്നുവരെ കോട്ടയം ഡിസ്ട്രിക്ട് ഡെവലപ്പ്മെൻറ് കമ്മിറ്റി (ഡി. ഡി. സി.) യുടെ എത്ര യോഗങ്ങൾ കൂടിയിട്ടുണ്ട്;

(ബി) ഓരോ യോഗത്തിനും അംഗങ്ങളുടെ ഡി. എ., റി. എ. എന്നിവയുൾപ്പെടെ എന്തു ചെലവായിട്ടുണ്ട്?

ഉത്തരം.

(എ) പതിനൊന്നു യോഗങ്ങൾ കൂടിയിട്ടുണ്ട്.

(ബി) 1969 ജനുവരി ഒന്നു മുതൽ 1970 ജനുവരി ഒന്നുവരെ അനുദ്യോഗസ്ഥ അംഗങ്ങളുടെ ഡി. എ. റി. എ ഇനത്തിൽ മൊത്തം 11,869 രൂപാ 30 പൈസ ചെലവായിട്ടുണ്ട്. ശരാശരി ഒരു മാസത്തെ ചെലവ് 989 രൂപാ 10 പൈസയാണ്.

ശമ്പള പരിഷ്ക്കരണം

4 (5) ശ്രീ. ജോസഫ് ചാഴിക്കാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഇന്നത്തെ ഗവൺമെൻറ് 1969 നവംബർ ഒന്നാംതീയതി ചാർജ് ഏറ്റതിനു ശേഷം ഏർപ്പെടുത്തിയിട്ടുള്ള വിവിധ ഡിപ്പാർട്ടുമെൻറുകളിലെ ശമ്പള പരിഷ്ക്കാരത്തിൻെറ ഫലമായി 1970-71 സാമ്പത്തിക വർഷത്തിൽ എന്തു തുക അധിക ച്ചെലവ് വരുമെന്ന് പറയാമോ?

ഉത്തരം

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം പുതുതായി ശമ്പളപരിഷ്ക്കരണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ 1969-ജൂൺ മാസത്തിൽ മുൻ ഗവൺമെൻറ് പുറപ്പെടുവിച്ചിരുന്ന ശമ്പള പരിഷ്ക്കരണ ഉത്തരവിൽ വിട്ടുപോയ ഏതാനും തസ്തികകളും കൂടി ഉൾപ്പെടുത്തുക; നിർത്തലാക്കിയ ചില അലവൻസുകളും അതു കിട്ടിക്കൊണ്ടിരുന്നവരുടെ ശമ്പളത്തിൽ ലയിപ്പിക്കുക, സർക്കാർ ആഫീസുകളിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ സൂപ്പർവൈസറി ഏർപ്പാടു കുറച്ചുകൂടി മെച്ചപ്പെടുത്തുക, ഡീയർനെസ് അലവൻസിൻെറ ഒരു ഭാഗം പെൻഷൻ ആനുകൂല്യങ്ങൾക്കുവേണ്ടി ഡീയർനെസ് പേ ആയി പരി

LIBRARY ARCHIVES Kerala Legislative Assembly